# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **603** **09/07/2014**-ൽ മറുപടിക്ക്

### കാഴ്ചബംഗ്ലാവുകൾ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിനുള്ള പദ്ധതി

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാഴ്ചബംഗ്ലാവുകൾ കൂടുതൽ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഉണ്ട്. കാഴ്ചബംഗ്ലാവുകൾ കൂടുതൽ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>1) സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരളം മ്യൂസിയത്തിന്റെ സഹായത്തോടെ നേപ്പിയർ മ്യൂസിയത്തിന്റെ പുനരുദ്ധാരണ പദ്ധതി<br>2) നാച്വറൽ ഹിസ്റ്ററി മ്യൂസിയം നവീകരണം<br>3)തൃശ്ശൂർ, കോഴിക്കോട് മ്യൂസിയങ്ങളിൽ ലൈറ്റ് ആന്റ് സൗണ്ട് ഷോ ആരംഭിക്കുന്നതിനുള്ള നടപടി. കൂടാതെ സാംസ്കാരിക പൈതൃകത്തിന്റെ സാക്ഷ്യപത്രങ്ങളായ മ്യൂസിയങ്ങളുടെ തനിമ നിലനിറുത്തി ആയത് പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുക, വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിജ്ഞാന സമ്പാദനത്തിന് ഉതകുന്ന ഒരു സ്ഥാപനമാക്കി ഉയർത്തുക, മ്യൂസിയങ്ങൾ, ആർട്ട് ഗ്യാലറികൾ എന്നിവയിൽ പ്രദർശിപ്പിച്ചിട്ടുള്ള കലാവസ്തുക്കളുടെ സഹായത്താൽ എന്നെന്നും സംരക്ഷിക്കപ്പെടേണ്ട മഹത്തായ കലാസാംസ്കാരിക പാരമ്പര്യത്തെപ്പറ്റി പുതിയ തലമുറയിൽ അറിവും അവബോധവും സൃഷ്ടിക്കുക, തുടങ്ങിയ ലക്ഷ്യങ്ങളും കൈവരിക്കാനുദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ചുകൊണ്ടുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ; | (ബി) ആന്റ് (സി) | വിനോദഞ്ചാര വകുപ്പുമായി സഹകരിച്ച് പദ്ധതികളൊന്നും നിലവിലില്ല. ഇതു സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ വിനോദസഞ്ചാര വകുപ്പുമായി കൂടിയാലോചിച്ച് കാഴ്ച ബംഗ്ലാവുകൾ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിനുള്ള പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

Saradadevi M

സെക്ഷൻ ഓഫീസർ